ഉത്തരവുകൾ മാത്രുകൾ

**Through Special Messenger**

**നിയമസഭ അടിയന്തിരം**

**കേരള സർക്കാർ**
**ധനകാര്യ (പി.എസ്.എ) വകുപ്പ്**
**പരിപത്രം**

പരിപത്രം നം. 77/2016/ധന. തീയതി, തിരുവനന്തപുരം, 09.09.2016

വിഷയം:- 14-ാം കേരള നിയമസഭ -രണ്ടാം സമ്മേളനം(26.09.2016 മുതൽ 10.11.2016 വരെ)-ബഹു: മുഖ്യമന്ത്രിയും/ധനകാര്യ മന്ത്രിയും ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള ദിവസങ്ങൾ - സംബന്ധിച്ച്
സൂചന:- നിയമസഭാ സെക്രട്ടറിയുടെ 08.09.2016-ലെ ബുള്ളറ്റിൻ നമ്പർ 57 ഭാഗം 2

14-ാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം 26.09.2016 മുതൽ 10.11.2016 വരെ കൂടുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ സമ്മേളന കാലത്ത് ബഹു: മുഖ്യമന്ത്രിയും/ധനകാര്യ മന്ത്രിയും നിയമസഭാ ചോദ്യങ്ങൾക്ക് ഉത്തരം നൽകേണ്ടതിന് നിശ്ചയിച്ചിരിക്കുന്ന ദിവസങ്ങൾ ചുവടെ ചേർക്കുന്നു:-

| | നിശ്ചയിച്ചിട്ടുള്ള ദിവസങ്ങൾ |
|---|---|
| **ബഹു: മുഖ്യമന്ത്രി** | **2016 സെപ്റ്റംബർ 26, ഒക്ടോബർ 3,17,24,31 & നവംബർ 7** |
| **ബഹു: ധനകാര്യമന്ത്രി** | **2016 സെപ്റ്റംബർ 27, ഒക്ടോബർ 4,18,25, നവംബർ 1 & 8** |

ഇതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിലെ എല്ലാ സെക്ഷനുകളുടെയും അറിവിലേയ്ക്കും വീഴ്ചയില്ലാതെ പാലിക്കുന്നതിനുമായി താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:-

ധനകാര്യ വകുപ്പിലെ ഓരോ സെക്ഷനുകളും അവരുമായി ബന്ധപ്പെട്ട നിയമസഭാ ചോദ്യത്തിന്റെ കരട് മറുപടി നിശ്ചയിച്ചിട്ടുള്ള ദിവസത്തിന് മൂന്ന് പ്രവൃത്തി ദിവസങ്ങൾക്ക് മുമ്പായി ബഹു: മുഖ്യമന്ത്രിക്കും/ധനകാര്യ മന്ത്രിക്കും അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും ഉത്തരത്തിന്റെ അസ്സൽ പകർപ്പ് സെക്ഷൻ ഓഫീസർ **നീല മഷിയിൽ** ഒപ്പിട്ടത് (നക്ഷത്ര ചിഹ്നമിട്ട ചോദ്യത്തിന്റെ മറുപടിയുടെ 21 പകർപ്പുകളും(ഫയൽ സഹിതം)/നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയുടെ 16 പകർപ്പുകളും) ചോദ്യ ദിവസത്തിന്റെ തലേ ദിവസം ഒരു മണിക്ക് മുമ്പായി ധനകാര്യ (പി.എസ്.എ) വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

ശ്രദ്ധക്ഷണിക്കൽ, ഉപക്ഷേപം, ബില്ലുകൾ എന്നീ വിഷയങ്ങളിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതും, ബന്ധപ്പെട്ട ഫയൽ ബഹു: മുഖ്യമന്ത്രി/ധനകാര്യ മന്ത്രിക്ക് ആവശ്യമായ വിവരങ്ങൾ സഹിതം യഥാസമയം സമർപ്പിക്കേണ്ടതുമാണ്.

കൂടാതെ, 27.07.2005-ലെ 72427/പി.എസ്.എ/05/ധന. നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

ഈ സമ്മേളനകാലത്തെ സഭാനടപടികളുടെ കലണ്ടറും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**പി. ജോൺസൺ മാനുവൽ,**
അണ്ടർ സെക്രട്ടറി (ധനകാര്യം)

ധനകാര്യ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും
സെക്ഷനുകൾക്കും

✓നോഡൽ ഓഫീസർ, www.finance.kerala.gov.in

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### കലണ്ടർ

### 2016 സെപ്റ്റംബർ

| | |
|---|---|
| 26.09.2016 (തിങ്കൾ) | ഗവൺമെന്റ് കാര്യം |
| 27.09.2016 (ചൊവ്വ)<br>28.09.2016 (ബുധൻ)<br>29.09.2016 (വ്യാഴം) | 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും |
| 30.09.2016 (വെള്ളി) | ഗവൺമെന്റ് കാര്യവും അനൗദ്യോഗികാംഗങ്ങളുടെ കാര്യവും |
| **2016 ഒക്ടോബർ** | |
| 03.10.2016 (തിങ്കൾ)<br>04.10.2016 (ചൊവ്വ)<br>05.10.2016 (ബുധൻ)<br>06.10.2016 (വ്യാഴം) | 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും |
| 07.10.2016 (വെള്ളി) | ഗവൺമെന്റ് കാര്യവും അനൗദ്യോഗികാംഗങ്ങളുടെ കാര്യവും |
| 10.10.2016 (തിങ്കൾ)<br>11.10.2016 (ചൊവ്വ)<br>12.10.2016 (ബുധൻ) | അവധി |
| 13.10.2016 (വ്യാഴം)<br>14.10.2016 (വെള്ളി) | സഭ ചേരുന്നതല്ല |
| 17.10.2016 (തിങ്കൾ)<br>18.10.2016 (ചൊവ്വ)<br>19.10.2016 (ബുധൻ)<br>20.10.2016 (വ്യാഴം) | 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും |
| 21.10.2016 (വെള്ളി) | ഗവൺമെന്റ് കാര്യവും അനൗദ്യോഗികാംഗങ്ങളുടെ കാര്യവും |
| 24.10.2016 (തിങ്കൾ)<br>25.10.2016 (ചൊവ്വ) | 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും |
| 26.10.2016 (ബുധൻ) | 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കൽ<br>ഗവൺമെന്റ് കാര്യവും |
| 27.10.2016 (വ്യാഴം) | 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന ധനവിനിയോഗ ബിൽ |
| 28.10.2016 (വെള്ളി) | ഗവൺമെന്റ് കാര്യവും അനൗദ്യോഗികാംഗങ്ങളുടെ കാര്യവും |
| 31.10.2016 (തിങ്കൾ) | 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും |
| **2016 നവംബർ** | |
| 01.11.2016 (ചൊവ്വ) | ഗവൺമെന്റ് കാര്യം |
| 02.11.2016 (ബുധൻ) | ഗവൺമെന്റ് കാര്യം<br>ഉച്ചയ്ക്ക് ശേഷം 12.30 മുതൽ 1.30 വരെ 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപ ധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ധനവിനിയോഗ ബിൽ |
| 03.11.2016 (വ്യാഴം) | ഗവൺമെന്റ് കാര്യം |
| 04.11.2016 (വെള്ളി) | ഗവൺമെന്റ് കാര്യവും അനൗദ്യോഗികാംഗങ്ങളുടെ കാര്യവും |
| 07.11.2016 (തിങ്കൾ)<br>08.11.2016 (ചൊവ്വ)<br>09.11.2016 (ബുധൻ)<br>10.11.2016 (വ്യാഴം) | ഗവൺമെന്റ് കാര്യം |